## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 837 11.03.2015 - ൽ മറുപടിയ്ക്ക്

### മുല്ലപ്പെരിയാർ പ്രശ്നം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ 2015 ഫെബ്രുവരി 20-ന് സുപ്രീംകോടതി പ്രസ്താവിച്ച വിധിയുടെ വിശദാംശം അറിയിക്കാമോ; | (എ) | മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളം ഫയൽ ചെയ്ത ഇടക്കാല ഹർജി (IA No.24/2014) സംബന്ധിച്ചും മുല്ലപ്പെരിയാർ ഡാമിന്റെയും അനുബന്ധ നിർമ്മിതികളുടെയും സുരക്ഷയ്ക്കായി CISF - നെ നിയോഗിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി (IA No.25/2014) സംബന്ധിച്ചും ബഹു. സുപ്രീംകോടതി 20.02.2015-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. |
| ബി) ഹർജിയിൽ സംസ്ഥാനം ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന വ്യക്തമാക്കാമോ; | (ബി) | കേരളം ഫയൽ ചെയ്ത ഇടക്കാല ഹർജിയിലെ (IA No.24/2014) ആവശ്യങ്ങൾ (Prayers) അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട് |
| (സി) കേസിൽ തുടർച്ചയായി ഉണ്ടാകുന്ന പ്രതികൂല വിധികളുടെ കാരണം വ്യക്തമാക്കുമോ | (സി) | സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് ശ്രീ. ഹരീഷ് സാൽ വേ, ശ്രീ. രാജേഷ് ധവാൻ തുടങ്ങിയ വിദഗ്ധരായ അഭിഭാഷകരുമായി കൂടിയാലോചിച്ച് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരുന്നുവെങ്കിലും, ബഹു. കോടതിയുടെ വിധികൾ കേരളത്തിന് അനുകൂലമായിരുന്നില്ല. സംസ്ഥാന താൽപര്യങ്ങൾ |

| | | |
|---|---|---|
| | | സംരക്ഷിച്ചുകിട്ടുന്നതിനുവേണ്ടി ഉപോൽബലകമായ രേഖകളുടെ അടിസ്ഥാനത്തിൽ കേരളം ശക്തമായി വാദിച്ചിരുന്നുവെങ്കിലും കേരളത്തിന്റെ വാദങ്ങൾ പരിഗണിക്കപ്പെട്ടില്ല |
| (ഡി) മുല്ലപ്പെരിയാർ പ്രശ്നത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കാനായി ഇനി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | മുല്ലപ്പെരിയാർ പ്രശ്നത്തിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്തുമ്പോൾ ജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾസംസ്ഥാന ഡിസാസ്റ്റർ മാനേജ് മെന്റ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഏർ പ്പെടുത്തി വരുന്നുണ്ട്. |
| (ഇ) നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;<br><br>(എഫ്) രാഷ്ട്രീയ പരിഹാരത്തിനായി സ്വീകരിച്ച നടപടികളും അതിനോട് കേന്ദ്ര സർക്കാരിന്റേയും തമിഴ്നാട് സർക്കാരിന്റേയും പ്രതികരണവും അറിയിക്കാമോ? | (ഇ) & (എഫ്) | മുല്ലപ്പെരിയാർ വിഷയത്തിൽ നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ വിശദാംശങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. കേരള നിയമസഭയുടെ പ്രമേയത്തിന്റേയും വിവധ സർവ്വകക്ഷിയോഗങ്ങളിലെ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷ നേതാവും ബഹു. പ്രധാനമന്ത്രിയെ സന്ദർശിച്ച് മുല്ലപ്പെരിയാർ വിഷയത്തിൽ കേരള ജനതയ്ക്കുള്ള ആശങ്ക അദ്ദേഹത്തെ ധരിപ്പിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. രാഷ്ട്രീയ പരിഹാരം കണ്ടെത്തുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ